പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 117

20.01.2014 ൽ മറുപടിക്ക്

## നെൽവയൽ, തണ്ണീർത്തടം ഡാറ്റാ ബാങ്ക് തയ്യാറാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് :<br>ശ്രീ.റ്റി.എ,അഹമ്മദ് കബീർ : | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് നിയമപ്രകാരം തയ്യാറാക്കേണ്ട ഡാറ്റാ ബാങ്കിന്റെ തയ്യാറാക്കൽ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് പ്രാദേശിക തലത്തിൽ തയ്യാറാക്കി പ്രസിദ്ധീകരണത്തിനു നൽകിയിരുന്നു. എന്നാൽ അവ ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ ഉപഗ്രഹചിത്രങ്ങളുമായി താരതമ്യം ചെയ്തു ഡാറ്റാ ബാങ്ക് കുറ്റമറ്റതാക്കി പ്രസിദ്ധീകരിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമാക്കിയ സ്ഥിതിവിവരങ്ങളടങ്ങിയ ക്രോഡീകരിച്ച പട്ടിക (01-10-2013 വരെ) അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഡാറ്റാ ബാങ്കു പ്രകാരം നിലവിലുള്ളതും സംരക്ഷിക്കപ്പെടേണ്ടതുമായ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ചതുപ്പുകളുടെയും വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | നേരത്തേ തയ്യാറാക്കിയതും ഇപ്പോൾ ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടെ പുനപരിശോധന നടക്കുന്നതുമായ കരടു ഡാറ്റാ ബാങ്കിലെ കണക്കുകൾ പ്രകാരം 2,59,565 ഹെക്ടർ നെൽവയലും 101954.36 ഹെക്ടർ തണ്ണീർത്തടവും 7552.96 ഹെക്ടർ കുളം, ചതുപ്പ് മുതലായവയും ഉണ്ട്. |

(സി) ഇവയുടെ വില്ലേജടിസ്ഥാനത്തിലുള്ള വിശദമായ ഡാറ്റ ശേഖരിച്ച് പ്രസിദ്ധപ്പെടുത്തുന്നതിനും, നിയമം കർശനമായി നടപ്പാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ ; വ്യക്ത മാക്കുമോ ?

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്. നെൽവയലു കളുടെയും തണ്ണീർത്തടങ്ങളുടെയും വില്ലേജടിസ്ഥാനത്തിലുള്ള വിശദമായ ഡേറ്റ ശേഖരിച്ചു ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിനു കൃഷി ഓഫീസർമാർ ക്കും ബന്ധപ്പെട്ട കൃഷി വകുപ്പുദ്യോഗ സ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം നിലം പരിവർത്തനപ്പെ ടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കൃഷി ഓഫീസർ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

തിരുത്തൽ

## ഡാറ്റാ ബാങ്ക് - സ്ഥിതിവിവര കണക്ക്

| ക്രമ നം. | ജില്ല | പഞ്ചായത്ത് | | | മുനിസിപ്പാലിറ്റി | | | കോർപ്പറേഷൻ | | |
|---|---|---|---|---|---|---|---|---|---|---|
| | | പഞ്ചായത്തുകളുടെ എണ്ണം | കരട് പ്രസിദ്ധീകരിച്ചത് | ഗസറ്റ് പ്രസിദ്ധീകരിച്ചത് | മുനിസിപ്പാലിറ്റികളുടെ എണ്ണം | കരട് പ്രസിദ്ധീകരിച്ചത് | ഗസറ്റ് പ്രസിദ്ധീകരിച്ചത് | കോർപ്പറേഷനുകളുടെഎണ്ണം | കരട് പ്രസിദ്ധീകരിച്ചത് | ഗസറ്റ് പ്രസിദ്ധീകരിച്ചത് |
| 1 | തിരുവനന്തപുരം | 73 | 71 | 2 | 4 | 4 | 0 | 1 | 1 | 0 |
| 2 | കൊല്ലം | 74 | 74 | 0 | 3 | 3 | 0 | 1 | 1 | 0 |
| 3 | പത്തനംതിട്ട | 54 | 54 | 44 | 3 | 3 | 0 | | | |
| 4 | ആലപ്പുഴ | 73 | 73 | 0 | 5 | 5 | 0 | | | |
| 5 | കോട്ടയം | 73 | 51 | 2 | 4 | 2 | 0 | | | |
| 6 | ഇടുക്കി | 53 | 53 | 0 | 1 | 1 | 0 | | | |
| 7 | എറണാകുളം | 85 | 85 | 3 | 11 | 11 | 0 | 1 | 0 | 0 |
| 8 | തൃശ്ശൂർ | 88 | 88 | 3 | 6 | 6 | 0 | 1 | 1 | 0 |
| 9 | മലപ്പുറം | 100 | 100 | 4 | 7 | 7 | 0 | | | 0 |
| 10 | പാലക്കാട് | 90 | 90 | 62 | 4 | 4 | 0 | | | |
| 11 | കോഴിക്കോട് | 75 | 72 | 8 | 2 | 2 | 0 | 1 | 1 | 0 |
| 12 | വയനാട് | 24 | 24 | 0 | 1 | 1 | 0 | | | |
| 13 | കണ്ണൂർ | 81 | 81 | 0 | 6 | 6 | 6 | | | |
| 14 | കാസർഗോഡ് | 38 | 37 | 9 | 3 | 3 | 0 | | | |
| | ആകെ | 978 | 953 | 137 | 60 | 58 | 6 | 5 | 4 | 0 |